**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:17.07.2025**

## പ്രധാനവാർത്തകൾ

1. രാജ്യത്തെ വൃത്തിയുള്ള നഗരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള സ്വച്ഛ് സർവേക്ഷൻ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു വിതരണം ചെയ്തു.

2. പിഎം വികാസ് പദ്ധതിക്ക് കീഴിലുള്ള നൈപുണ്യപരിശീലന-വനിത സംരംഭകത്വ വികസന പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ കോട്ടയത്ത് ഉദ്ഘാടനം ചെയ്തു

3. വിവര സാങ്കേതിക വിദ്യയെ രാഷ്ട്ര വികസനത്തിനായി ഗുണപരമായി ഉപയോഗപ്പെടുത്താൻ ശ്രമിക്കണമെന്ന് കേന്ദ്ര മന്ത്രി ജയന്ത് ചൗധരി.

4. കർഷകരിൽ നിന്ന് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സംഭരിച്ച നെല്ലിന്റെ സബ്സിഡിയായി 100 കോടി രൂപ കൂടി അനുവദിച്ചതായി മന്ത്രി കെ എൻ ബാലഗോപാൽ

5. സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യത; നാലു ജില്ലയിൽ ഓറഞ്ച് ജാഗ്രത

6. ഇന്ന് കർക്കടകം ഒന്ന് . നാലമ്പല ദർശനത്തിനും രാമായണ മാസാചരണത്തിനും തുടക്കം. തൃശൂർ വടക്കുന്നാഥക്ഷേത്രത്തിലെ ആനയൂട്ടിന് 63 ആനകൾ

***************************************************

RIJU TVPM

## രാഷ്ട്രപതി

രാജ്യത്തെ വൃത്തിയുള്ള നഗരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള സ്വച്ഛ് സർവേക്ഷൻ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു വിതരണം ചെയ്യു. വിവിധ വിഭാഗങ്ങളിലായി 78 പുരസ്കാരങ്ങളാണ് വിതരണം ചെയ്യുന്നത്. 45 ദിവസത്തിനിടെ രാജ്യത്തുടനീളമുള്ള ഓരോ വാർഡിലും 3,000-ത്തിലധികം സമഗ്ര പരിശോധനകൾ നടത്തിയാണ് മികച്ച നഗരങ്ങളെ തിരഞ്ഞെടുത്തത്.

***************************************

## കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ

പിഎം വികാസ് പദ്ധതിക്ക് കീഴിലുള്ള നൈപുണ്യപരിശീലന-വനിത സംരംഭകത്വ വികസന പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ കോട്ടയത്ത് ഉദ്ഘാടനം ചെയ്യു. കോട്ടയത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയിലാണു പരിപാടി.

RNUTVPM

***************************************

## കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരി

വിവര സാങ്കേതിക വിദ്യയെ രാഷ്ട്ര വികസനത്തിനായി ഗുണപരമായി ഉപയോഗപ്പെടുത്താൻ ശ്രമിക്കണമെന്ന് കേന്ദ്ര മന്ത്രി ജയന്ത് ചൗധരി . ജൻ ശിക്ഷൺ സൻസ്ഥാൻറെ ഭാഗമായി മലപ്പുറം അമൽ കോളേജ് ക്യാംപസിലെ സ്കിൽ സെന്റിൽ ആരംഭിച്ച നൈപുണ്യ കോഴ്സുകളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സാധാരണ ഡിഗ്രി കോഴ്സുകൾക്കൊപ്പം കുട്ടികൾ നൈപുണ്യ വികസനവും പരിശീലിക്കണമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

************************************************

## ഷോക്കേറ്റ് മരിച്ചു (ഇൻട്രോ)

കൊല്ലം ജില്ലയിൽ സ്കൂൾ പരിസരത്ത് എട്ടാം ക്ലാസ് വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ചു.

**കുടുതൽ വിവരങ്ങളുമായി കൊല്ലത്തുനിന്നും ആകാശവാണി പ്രതിനിധി നീരജ് ലാൽ**

(വോയ്സ്)

************************************************

## മന്ത്രി വി ശിവൻകുട്ടി

RNU TVPM

സ്കൂളിൽ വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവം അതീവ ദുഃഖകരമാണെന്നും അന്വേഷിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയെന്നും മന്ത്രി വി ശിവൻകുട്ടി അറിയിച്ചു.

************************************************

## മഴ

സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 20 വരെ മീൻപിടിക്കുന്നതിന് വിലക്കേർപ്പെടുത്തി.

************************************************

## മഴ - മുന്നറിയിപ്പ്

കനത്ത മഴയെ തുടർന്ന് സംസ്ഥാനത്ത് പല ജില്ലകളിലും താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. പ്രധാന നദികൾ കരകവിഞ്ഞൊഴുകുകയാണ്. മഴ മുന്നറിയിപ്പ് കണക്കിലെടുത്ത് ഇന്ന് കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല. വയനാട് മഴ ശക്തമായ സാഹചര്യത്തിൽ മുണ്ടക്കൈ - ചൂരൽമല പ്രദേശത്തേക്കുള്ള പ്രവേശനം നിരോധിച്ചു.

*************************************

## കാസർഗോഡ് -മഴ (ഇൻട്രോ)

കാസർഗോഡ് ജില്ലയിൽ തുടർച്ചയായി പെയ്യുന്ന മഴയെ തുടർന്ന് താഴ്ന്ന പ്രദേശങ്ങളും റോഡുകളും വെള്ളത്തിനടിയിലായി. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ....**

(വോയ്സ്)

RNU TVPM

*************************************

## കോഴിക്കോട് മണ്ണിടിച്ചിൽ

കോഴിക്കോട് കുറ്റ്യാടി ചുരത്തിലെ പത്താം വളവിൽ മണ്ണിടിഞ്ഞ് ഗതാഗത തടസ്സം. ഇന്ന് പുലർച്ചെയാണ് മണ്ണിടിച്ചിലുണ്ടായത്. നിലവിൽ ചെറിയ വാഹനങ്ങൾ കടന്ന് പോവുന്നുണ്ട്.

*************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

************************************

## മന്ത്രി കെ എൻ ബാലഗോപാൽ - നെല്ല്

കർഷകരിൽ നിന്ന് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സംഭരിച്ച നെല്ലിന്റെ സബ്സിഡിയായി 100 കോടി രൂപ കൂടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു.ഫെബ്രുവരി വരെ സംഭരിച്ച സംഭരിച്ച നെല്ലിന്റെ സബ്സിഡിയായി നേരത്തെ 185 കോടി രൂപ അനുവദിച്ചിരുന്നു.

************************************

## നിപ

പാലക്കാട് ജില്ലയിൽ മൂന്നാമതൊരാൾക്ക് കൂടി നിപ്പ സംശയിക്കുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. നിപ്പ ബാധിച്ച് മരിച്ചയാളുടെ രോഗ ലക്ഷണങ്ങളോടെ ചികിത്സയിലുള്ള മകന്റെ സാമ്പിളാണ് തുടർ പരിശോധനയ്ക്കായി അയച്ചത്. നിലവിൽ പാലക്കാട് ഗവൺമെൻറ് മെഡിക്കൽ കോളേജിൽ 7 പേരാണ് സമ്പർക്കവിലക്കിൽ കഴിയുന്നത്. ജില്ലയിലാകെ 385 പേരാണ് സമ്പർക്ക പട്ടികയിലുള്ളത്. കണ്ടെയ്ൻമെന്റ് സോണിലെ വാർഡുകളിലുള്ളവർ മാസ്ക് ധരിക്കണമെന്ന് ആരോഗ്യവകുപ്പ് നിർദ്ദേശം നൽകി.

RNUTVPM

************************************

## എച്ച് 1 എൻ 1

കൊല്ലം ജില്ലയിൽ വിദ്യാർത്ഥികൾക്ക് H1N1 അല്ല ഇൻഫ്ലുവൻസ-A ആണ് സ്ഥിരീകരിച്ചതെന്ന് ജില്ലാ ആരോഗ്യവകുപ്പ് അധികൃതർ വ്യക്തമാക്കി. സീറോ ടൈപ്പിങ്ങ് ടെസ്റ്റിലൂടെയേ H 1N1 സ്ഥിരീകരിക്കാൻ സാധിക്കൂ. ഇൻഫ്ലുവൻസ A ബാധിച്ച 4 കുട്ടികളുടെയും ആരോഗ്യസ്ഥിതി തൃപ്തികരമാണെന്നും ഒരാൾ

മാത്രമാണ് ആശുപത്രി ചികിത്സയിലുള്ളതെന്നും ജില്ലാ സർവൈലൻസ് ഓഫീസർ പറഞ്ഞു.

*************************************

## കർക്കടകം ഒന്ന്

ഇന്ന് കർക്കടകം ഒന്ന്. രാമായണ പാരായണത്തിന്റെയും, നാലമ്പല ദർശനത്തിന്റെയും ഭക്തി സാന്ദ്രമായ 31 ദിനരാത്രങ്ങൾക്കാണ് തുടക്കമായത് . സംസ്ഥാനത്തുടനീളം നാലമ്പല ദർശനത്തിനുള്ള ചടങ്ങുകൾ ആരംഭിച്ചു . കർക്കടക വാവുബലി ഈ മാസം 24 നാണ്.

*************************************

## ആനയൂട്ട് (ഇൻട്രോ)

കർക്കടകത്തിലെ ആദ്യപുലരിയിൽ നടക്കുന്ന ആനയൂട്ടിൻറെ തിരക്കിലാണ് തൃശൂർ വടക്കുന്നാഥക്ഷേത്രം. 63 ആനകളാണ് ഇത്തവണ അണിനിരന്നത് .

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്......**

(വോയ്സ്)

*************************************

## ശ്രീപദ്മനാഭസ്വാമി ക്ഷേത്രം

ആറുപതിറ്റാണ്ടിനുശേഷം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ ആനികളഭത്തിനൊപ്പം നടന്ന ഭദ്ര ദീപ പൂജ ഇന്ന് സമാപിക്കും. തന്ത്രി തരണനല്ലൂർ സതീശൻ നമ്പൂതിരിപ്പാടിൻറെ കാർമികത്വത്തിൽ ഇന്ന് ആനികളഭത്തിൻറെ ഭാഗമായ പ്രത്യേകപൂജകൾ നടക്കും.

*************************************

RNU TVPM

## ഭൂഗർഭ ജലനിരപ്പ് (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനായി കിണർ റീചാർജിങ് ഉൾപ്പെടെയുള്ള വിപുലമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നു. ജല ഉപഭോഗം കൂടിയ അളവിൽ നടക്കുന്ന പ്രദേശങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ..**

(വോയ്സ്)

*************************************************

## സി. വി. പത്മരാജൻ- സംസ്കാരം

അന്തരിച്ച മുതിർന്ന കോൺഗ്രസ് നേതാവും മുൻ മന്ത്രിയുമായ സി. വി. പത്മരാജന്റെ സംസ്കാരം ഇന്ന് വൈകിട്ട് പരവൂരിൽ നടക്കും. ഉച്ചയ്ക്ക് ഒരു മണി വരെ കൊല്ലം അനന്ദവല്ലീശ്വരത്തെ വീട്ടിൽ പൊതുദർശനമുണ്ടാകും.

RNUTVPM

*************************************************

## സി.പി.ഐ നേതാവ് പളനിവേൽ

സി.പി.ഐ ഇടുക്കി ജില്ലാ കമ്മിറ്റിയുടെ അസിസ്റ്റൻ്റ് സെക്രട്ടറിയും, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റും, എ.ഐ.ടി.യു.സിയുടെ പ്രമുഖ നേതാവുമായിരുന്ന പി. പളനിവേൽ അന്തരിച്ചു. സംസ്കാര ചടങ്ങുകൾ നാളെ മൂന്നാറിൽ നടക്കും.

*************************************************

## വി.എസ്.അച്യുതാനന്ദൻ

തിരുവനന്തപുരം സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലുള്ള മുൻ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻറെ ആരോഗ്യനിലയിൽ

മാറ്റമില്ല. ജൂൺ 23 ന് ആശുപത്രിയിൽ പ്രവേശിപ്പിച്ച വി എസ് തീവ്രപരിചരണ വിഭാഗത്തിലാണ്.

****************************************

## പി.രാജീവ് - ബോണക്കാട്

ബോണക്കാട് എസ്റ്റേറ്റ് തൊഴിലാളികൾക്ക് പുതുവർഷ സമ്മാനമായി നവീകരിച്ച ലയങ്ങൾ കൈമാറുമെന്ന് മന്ത്രി പി രാജീവ്. ലയങ്ങളുടെ നവീകരണപദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

****************************************

## ചെസ് - പ്രഗ്നനന്ദ

ലാസ് വെഗാസിൽ നടന്ന ഫ്രീസ്റ്റൈൽ ചെസ് ഗ്രാൻഡ്സ്ലാം ടൂറിൽ, ഇന്ത്യയുടെ ഗ്രാൻഡ്മാസ്റ്റർ ആർ പ്രഗ്നാനന്ദയ്ക്ക് ജയം. ലോക ഒന്നാം നമ്പർ മാഗ്നസ് കാൾസനെ പ്രഗ്നാനന്ദ തോൽപിച്ചു. ക്വാർട്ടർ ഫൈനൽ മത്സരങ്ങൾ ഇന്ന് നടക്കും.

RNUTVPM

****************************************

## ഓഹരി , സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 118 പോയിന്റ് ഇടിഞ്ഞ് 82,516 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 32 പോയിന്റ് നഷ്ടത്തിൽ 25,180 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവിലയിൽ നേരിയ കുറവ്. പവന് 40 രൂപ കുറഞ്ഞ് 72,840 രൂപയും ഗ്രാമിന് 9,105 രൂപയുമാണ് ഇന്നത്തെ വില.

************************************************************************************************

**************************